I/33446/2023

**ഭരണഭാഷ- മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
Email Id: dirdhse.dge@kerala.gov.in
ഫോൺ നമ്പർ : 0471 2325868

**നം. എച്ച്.എസ്.ഇ/5034/2023/എഡി.സി6** **തീയതി :09-10-2023**

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി വിഭാഗം- ജീവനക്കാര്യം – 2023-24 അധ്യയനവർഷത്തെ പൊതുസ്ഥലം മാറ്റത്തിനോടനുബന്ധിച്ച സൈറ്റ് അപ്ഡേഷൻ തുടർ നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സൂചന : 08/09/2023, 12/09/2023, 23/09/2023 തീയതികളിലെ നം. എച്ച്.എസ്.ഇ/5034/2023/എഡി.സി6 നമ്പർ സർക്കുലറുകൾ.

ഹയർസെക്കന്ററി അധ്യാപകരുടെ 2023-24 അധ്യയന വർഷത്തെ പൊതുസ്ഥലം മാറ്റത്തിനു മുൻപായുള്ള സൈറ്റ് അപ്ഡേഷൻ വേണ്ടി പ്രിൻസിപ്പൽമാർക്ക് ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. എച്ച്.എസ്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ പ്രവേശിച്ച് സർവ്വീസിൽ ഒരിക്കൽ പോലും ഹോം സ്റ്റേഷൻ change ചെയ്തിട്ടില്ലാത്ത അധ്യാപകർ, ഹോം സ്റ്റേഷൻ change ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ (transfer norms 5(ii) പ്രകാരം) അനുബന്ധ രേഖകൾ സഹിതം പ്രിൻസിപ്പലിനു അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷ പ്രിൻസിപ്പൽ വിശദമായി പരിശോധിച്ച് ടിയാൾക്ക് ഹോം സ്റ്റേഷൻ change അനുവദിക്കാവുന്നതാണെങ്കിൽ മാത്രം പ്രസ്തുത അപേക്ഷ **transferadc2@gmail.com** എന്ന മെയിലിലേക്ക് മാത്രം **11/10/2023** തീയതിക്കുള്ളിൽ അയയ്ക്കേണ്ടതാണ് (Employee code, School code എന്നിവ കൃത്യമായും രേഖപ്പെടുത്തുക).

2 . Maternity leave- ൽ നിന്നും സർവ്വീസിൽ പുനഃപ്രവേശിച്ചിട്ടുള്ള അധ്യാപികമാർ നിലവിലത്തെ സ്കൂളിൽ ഒരു വർഷ കാലയളവിലേക്ക് തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, മേൽ വിവരം

പ്രിൻസിപ്പലിനെ രേഖാമൂലം അറിയിക്കേണ്ടതും രേഖകൾ പരിശോധിച്ച് പ്രിൻസിപ്പൽ ടി വിവരം **transferadc2@gmail.com** എന്ന മെയിൽ ഐഡിയിലേക്ക് **11/10/2023** തീയതിക്കുള്ളിൽ അറിയിക്കേണ്ടതുമാണ്. (Employee code, School code എന്നിവ കൃത്യമായും രേഖപ്പെടുത്തുക).

3. പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നതിന് നേരിട്ട് ബാധകമല്ലാത്ത വിവരങ്ങൾ ആയ Communication address, Regularization, Probation, Educational Qualification എന്നിവ add ചെയ്യുന്നതിനും edit ചെയ്യുന്നതിനും എല്ലാ അധ്യാപകർക്കും പൊതുസ്ഥലംമാറ്റത്തിനു ശേഷം അവസരം നൽകുന്നതാണ്. Permanent address ൽ മാറ്റം അനുവദിക്കുന്നതല്ല.

4 . Permanent disability 60% നു മുകളിൽ ഉള്ള അധ്യാപകരും നിലവിലത്തെ സ്കൂളിൽ തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ മാത്രം പ്രിൻസിപ്പലിന് അപേക്ഷ സമർപ്പിക്കേണ്ടതും, ട്രാൻസ്ഫർ സൈറ്റിൽ ആയത് സംബന്ധിച്ച് യഥാവിധി അപ്ഡേഷൻ നടത്തേണ്ടതുമാണ്.

5. 2023 മെയ് 31 നകം 3 വർഷ ഹയർസെക്കന്ററി അധ്യാപക സർവ്വീസ് പൂർത്തിയാക്കാത്ത (from DOJ as per transfer norms 3 (i) അധ്യാപകരെ conditional status ൽ ഉൾപ്പെടുത്തുന്നതും പൊതുസ്ഥലം മാറ്റത്തിൽ ഓപ്പൺ വേക്കൻസി ആയി കണക്കാക്കുന്നതുമാണ്. ഓരോ അധ്യാപകരുടെയും posting status (Normal/Conditional) transfer norms പ്രകാരം കണക്കാക്കി, ഓൺലൈൻ പ്രോസസ്സിൽ പരിഗണിക്കുന്നതാണ്. ആയത് പ്രിൻസിപ്പൽ തലത്തിൽ ചെയ്യേണ്ടതില്ല.

6. ട്രാൻസ്ഫർ സൈറ്റ് അപ്ഡേഷൻ പൂർത്തീകരിക്കാത്ത അദ്ധ്യാപകർക്ക് ജനറൽ ട്രാൻസ്ഫറിന് അപേക്ഷിക്കാൻ സാധ്യമല്ല. അദ്ധ്യാപകരുടെ വിവരങ്ങൾ confirm ചെയ്ത് forward ചെയ്തിട്ടുണ്ട് എന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പ് വരുത്തേണ്ടതാണ്.

Signed by
Santhosh Kumar R
Date: 09-10-2023 16:15:47

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>നോട്ട്</u> : ടി സർക്കുലറിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് മാത്രമേ transferadc2@gmail.com എന്ന Email. I D യിലേക്ക് mail അയയ്ക്കാൻ പാടുള്ളൂ. മറ്റുള്ള പരാതികൾ അതാത് വിഷയങ്ങളുടെ Email. I D കളിലേക്ക് മാത്രം അയയ്ക്കുക**